III. മേശപ്പുറത്തുവച്ച കടലാസ്സുകൾ

9·30 a.m.] ശ്രീ. ആർ. എസ്സ്. ഉണ്ണി: സർ, റൂൾസ് കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): സർ, 1979–ലെ കേരള അവശ്യസർവ്വീസുകൾ സംരക്ഷണ ഓർഡിനൻസ് (1979–ലെ 3-ാം നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1979–ലെ കേരള പബ്ലിക് സർവ്വീസുകൾ (ഭേദഗതി) ഓർഡിനൻസ് (1979-ലെ 4-ാം നമ്പർ ഓർഡിനൻസ്) കൂടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

തദ്ദേശസ്വയംഭരണ മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, 1979–ലെ കേരള പഞ്ചായത്തുകൾ (ഭേദഗതി) ഓർഡിനൻസ് (1979-ലെ 7-ാം നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1979-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ഓർഡിനൻസ് (1979-ലെ 13-ാം നമ്പർ ഓർഡിനൻസ്) കൂടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

റവന്യൂവും സഹകരണവും മന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഞാൻ താഴെ പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

(1) 1979-ലെ കാണക്കുടിയായ്മ നിരുത്തലാക്കൽ (ഭേദഗതി) ഓർഡിനൻസ് (1979-ലെ 5-ാം നമ്പർ ഓർഡിനൻസ്)

(2) 1979-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ഓർഡിനൻസ് (1979-ലെ 8-ാം നമ്പർ ഓർഡിനൻസ്)

(3) 1979-ലെ കേരള ഋണാശ്വാസ (ഭേദഗതി) ഓർഡിനൻസ് (1979-ലെ 9-ാം നമ്പർ ഓർഡിനൻസ്)

(4) പാട്ടക്കുടിശ്ശിക ഗഡുക്കളായി കൊടുക്കുന്നത് സംബന്ധിച്ച 1979-ലെ കേരള ഓർഡിനൻസ് (1979-ലെ 10-ാം നമ്പർ ഓർഡിനൻസ്)

(5) 1979-ലെ കാണക്കുടിയായ്മ നിരുത്തലാക്കൽ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1979-ലെ 12-ാം നമ്പർ ഓർഡിനൻസ്)

തദ്ദേശസ്വയംഭരണ മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): 1979–ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (1979-ലെ 6–ാം നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

തൊഴിലും ഭവനനിർമ്മാണവും മന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, 1979–ലെ വ്യവസായ തർക്കങ്ങൾ (കേരള ഭേദഗതി) ഓർഡിനൻസ് (1979–ലെ 11–ാം നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

സെക്രട്ടറി (ഡോ. ആർ. പ്രസന്നൻ): സർ, സബ്ജക്ട് കമ്മിറ്റിയെ സംബന്ധിച്ചുള്ള അഡ്ഹോക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പ്രതി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly